പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 915 **14-10-2026-ൽ മറുപടിയ്ക്ക്**

വാടാനപ്പള്ളി തീരപ്രദേശത്ത് കടൽഭിത്തി നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ തീരപ്രദേശം കടലാക്രമണ ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ തീരപ്രദേശം കടലാക്രമണ ഭീഷണി നേരിടുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്.പ്രസ്തുത പ്രദേശത്തെ തീരസംരക്ഷണവുമായി ബന്ധപ്പെട്ട് സമഗ്രമായ സാങ്കേതിക പഠനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രദേശത്തിന്റെ സംരക്ഷണത്തിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

മറുപടി: പ്രസ്തുത പ്രദേശത്ത് കടലാക്രമണം തടയുന്നതിനായി 44 ലക്ഷം രൂപയ്ക്ക് 145 മീറ്റർ നീളത്തിൽ താത്കാലിക സംരക്ഷണ ഭിത്തി നിർമിച്ചിട്ടുണ്ട്.കൂടാതെ മിഷൻ ഡയറക്ടേറ്റ് ഈ പ്രദേശത്തിന്റെ സംരക്ഷണത്തിനായി സ്ഥിരമായ പരിഹാരം ലക്ഷ്യമിട്ട് വാടാനപ്പള്ളി പ്രദേശം ADB സഹായത്തോടെ നടപ്പിലാക്കുന്ന കേരള സുസ്ഥിര തീരദേശ സംരക്ഷണ-കാലാവസ്ഥാ പ്രതിരോധ ആസൂത്രണ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) തീരദേശ സംരക്ഷണത്തിന് ആവശ്യമായ കടൽഭിത്തി നിർമ്മിക്കുന്നതിന് സാങ്കേതിക പരിശോധന നടത്തി പദ്ധതി തയ്യാറാക്കുന്നതിനും ആവശ്യമായ തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മറുപടി: മിഷൻ ഡയറക്ടേറ്റ് മുഖേന തീരദേശ സംരക്ഷണത്തിനായി ആവശ്യമായ സ്ഥിരം സംവിധാനങ്ങൾ ശാസ്ത്രീയ സാങ്കേതിക പഠനങ്ങളുടെ അടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. വാടാനപ്പള്ളി മുതൽ ചേറ്റുവ വരെ 5.6 കി.മീ. ദൂരത്തിൽ കടൽഭിത്തി പുനർനിർമ്മിക്കുന്നതിനായി 236.00 കോടി ചെലവ് കണക്കാക്കിയുള്ള ഡി.പി.ആർ (DPR) തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 4711-01-103-81-00-00-00 Kerala Sustainable Coastal Protection and Climate Resilence Planning Project - WB/ADB എന്ന ശീർഷകത്തിൽ ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതു പരിശോധിച്ചു നടപടി സ്വീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ